# റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്
## കുളത്തൂപ്പുഴ എസ്റ്റേറ്റ്
## കൂവക്കാട് പി.ഒ, പിൻ–691310

ആർ.പി.എൽ/കെഇ/പി1/883/83/വാല്യം.5 / 50.1 01.07.2026

## ലേല പരസ്യം

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, കുളത്തൂപ്പുഴ എസ്റ്റേറ്റ് കൂവക്കാട് കവലയിൽ തിരുവനന്തപുരം–ചെങ്കോട്ട ദേശീയപാതയോട് ചേർന്ന് പ്ലാന്റേഷൻ വക ഷോപ്പിംഗ് സെന്റർ കെട്ടിടത്തിലുള്ള 1–ാം നമ്പർ കടമുറി ആദ്യകരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടിയാളുമായുള്ള ശേഷിക്കുന്ന കരാർ കാലാവധി കഴിയുന്നതു വരെയും, തുടർന്ന് കമ്പനി നിശ്ചയിച്ച ലേലവ്യവസ്ഥയിലെ കാലയളവ് പൂർത്തിയാകുന്നതു വരെയും വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം 2026 ജൂലൈ മാസം 15–ാം തീയതി, രാവിലെ 11.30 മണിക്ക് കമ്പനിയുടെ കുളത്തൂപ്പുഴ എസ്റ്റേറ്റ് ഓഫീസിൽ വച്ച് ലേല വ്യവസ്ഥകൾക്കു വിധേയമായി നടത്തുന്നതാണ്.

ടി ലേലത്തിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർ രൂപ 5,000/– (അയ്യായിരം രൂപ) നിരതദ്രവ്യം, അന്നേ ദിവസം (15.07.2026) 11 മണിക്ക് മുൻപായി കുളത്തൂപ്പുഴ എസ്റ്റേറ്റ് ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ സെക്യൂരിറ്റി ഡെപ്പോസിറ്റായി രൂപാ 15,000/– (പതിനയ്യായിരം രൂപ) കമ്പനിയിൽ അടയ്ക്കേണ്ടതും ആയത് കരാർ കാലാവധി കഴിയുന്നതു വരെ കമ്പനിയിൽ സൂക്ഷിക്കുന്നതുമാണ്.

ടി ലേലത്തിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങളും, മറ്റ് വ്യവസ്ഥകളും കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ പ്രവർത്തി ദിവസങ്ങളിൽ (രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ) കമ്പനിയുടെ കുളത്തൂപ്പുഴ എസ്റ്റേറ്റ് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

മാനേജർ
കുളത്തുപ്പുഴഎസ്റ്റേറ്റ്

*"ആർപിഎൽ ഒരു പരിസ്ഥിതി സൗഹാർദ്ദ സ്ഥാപനം, ഒരു ഹരിത ഭൂമിക്കുവേണ്ടി അതിന്റെ തൽപരകക്ഷികളും പ്രയത്നിക്കുന്നുമെന്ന് പ്രതീക്ഷിക്കുന്നു!!!".*

# റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, കുളത്തൂപ്പുഴ എസ്റ്റേറ്റ്

ആർ.പി.എൽ/കെഇ/പി1/883/83/വാല്യം.5 01.07.2026

## ലേലവ്യവസ്ഥകൾ

1. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ, സെക്യൂരിറ്റി ഡെപ്പോസിറ്റായി രൂപാ 15,000/- (പതിനയ്യായിരം രൂപ) കമ്പനിയിൽ അടയ്ക്കേണ്ടതും ആയത് കരാർ കാലാവധി കഴിയുന്നതു വരെ കമ്പനിയിൽ സൂക്ഷിക്കുന്നതുമാണ്.

2. കരാർകാലാവധി 2 വർഷത്തേക്ക് മാത്രമാണ് ഉള്ളത്.

3. കരാർ കാലാവധി തീരുന്ന ഉടനെ തന്നെ കട ഒഴിയേണ്ടതും, കേടുപാടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ കരാറുകാരന്റെ സ്വന്തം ചെലവിൽ പൂർവ്വസ്ഥിതിയിലാക്കി കേടുപാടുകൾ കൂടാതെ തിരികെ നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ടി തുക ഈടാക്കുന്നതാണ്.

4. വൈദ്യുതി, വെള്ളം ബില്ലുകൾ, ഇവയുമായി ബന്ധപ്പെട്ട മറ്റ് നിരക്കുകളുണ്ടെങ്കിൽ ആയവ എല്ലാം കരാറുകാരൻ ഒടുക്കേണ്ടതാണ്.

5. കടയുടെ പരിസരത്ത് ഏതെങ്കിലും കൃഷി ചെയ്യാനുള്ള അനുവാദം കട നടത്തുന്ന ആളിന് ഇല്ലാത്തതാകുന്നു.

6. കരാർ അനുവദിച്ചുകിട്ടുന്ന ആൾ, ഓരോ മാസത്തേയും വാടക, മുൻകൂറായി അതാത് മാസങ്ങളിലെ ആദ്യ പ്രവർത്തി ദിവസം തന്നെ എസ്റ്റേറ്റ് ഓഫീസിൽ അടക്കേണ്ടതും, കാലതാമസം വരുത്തുന്നതിന്, ദിവസം ഒന്നിന് രൂപ 5/- നിരക്കിൽ പിഴ ഈടാക്കുന്നതുമാണ്.

7. കരാർ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള എല്ലാ അധികാരവും മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

8. വാണിജ്യ ആവശ്യവുമായി ബന്ധപ്പെട്ട നിയമപരമായ എല്ലാ കാര്യങ്ങളും (ഷോപ്പ് ലൈസൻസ് മുതലായവ) കരാറുകാരൻ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

9. കരാറുകാരന് വാടകക്ക് നൽകിയിരിക്കുന്ന സ്ഥലം മറ്റ് വ്യക്തികൾക്ക് ഉപകരാർ നൽകാൻ പാടുള്ളതല്ല.

10. സർക്കാർ ഉത്തരവു പ്രകാരമുള്ള നിയമാനുസൃതമായ നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

11. കരാർ വ്യവസ്ഥകൾക്ക് കരാറുകാരൻ വീഴ്ച വരുത്തുന്ന പക്ഷം, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതിന് കമ്പനിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മാനേജർ
കുളത്തൂപ്പുഴഎസ്റ്റേറ്റ്